**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2262** **20.06.2012-ൽ മറുപടിക്ക്**

**ജില്ലാ ആശുപത്രിയിൽ ഓങ്കോളജി വിഭാഗം**

**ചോദ്യം**

ശ്രീ. റ്റി.എ. അഹമ്മദ് കബീർ

എ) സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും ഓങ്കോളജി ചികിത്സാ വിഭാഗം ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

ബി) ഇല്ലെങ്കിൽ ഏറ്റവും കൂടുതൽ കാൻസർ രോഗികളുള്ള മലബാറിലെ ജില്ലകളിലെങ്കിലും ജില്ലാ ആശുപത്രിയിൽ ഓങ്കോളജി വിഭാഗം തുടങ്ങുന്ന കാര്യം പരിഗണിക്കുമോ ?

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

(എ) യും (ബി)യും

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും കാൻസർ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി മെഡിക്കൽ കോളേജ്, ആർ.സി.സി., മലബാർ കാൻസർ സെന്റർ തുടങ്ങിയ സ്ഥാപനങ്ങളില്ലാത്ത ഏഴ് ജില്ലകളിലെ ജില്ലാ/ജനറൽ ആശുപത്രികളിൽ 2012-13ൽ തന്നെ കാൻസർ ചികിത്സാ സംവിധാനം ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുവാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ